**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1911** **29-09-2025 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ കെ.എസ്.ആർ.ടി.സി. ബസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ നിന്നും ദീർഘദൂര സർവീസുകൾ നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കാലപ്പഴക്കം ചെന്നവ മാറ്റി പുതിയ ബസ്സുകൾ അനുവദിക്കുമോ എന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ നിലവിൽ 6 പുതിയ ബസുകൾ ഉൾപ്പെടെ 165 ബസ്സുകൾ സർവ്വീസിനായി അനുവദിച്ചിട്ടുണ്ട്. കൂടുതൽ ബസുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യകത കണക്കാക്കി ബസുകൾ അനുവദിക്കുന്നതാണ്. |
| (ബി) | ജില്ലക്കകത്ത് സർവീസ് നടത്തുന്ന ബസ്സുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | ഡിപ്പോ ഗ്യാരേജ് വർക്ക്ഷോപ്പുകൾ മതിയായ ജീവനക്കാരെ നൽകി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. നിലവിൽ സർവ്വീസിന് ഉപയോഗിച്ച് വരുന്ന സൂപ്പർ ക്ലാസ്സ് ബസ്സുകൾ റീഫർബിഷിംഗ് പൂർത്തീകരിച്ച് സർവ്വീസിന് നൽകി വരുന്നു. ഇ-സുതാര്യം സോഫ്റ്റ് വെയർ implement ചെയ്തതിൽ ആവശ്യമുള്ള സ്പെയർ പാർട്സ് സ്റ്റോറുകളിൽ എവിടെയുണ്ട് എന്ന് മനസ്സിലാക്കാനും, ഇൻഡന്റ് കൊടുക്കാൻ കാലതാമസം കൂടാതെ സ്പെയർ പാർട്സുകൾ ലഭ്യമാക്കാനും കെ.എസ്.ആർ.ടി.സി. ഡിപ്പോകൾക്ക് സാധിക്കുന്നതുമൂലം സമയബന്ധിതമായി ബസ്സുകളുടെ അറ്റകുറ്റ പണികൾ പൂർത്തീയാക്കി നിരത്തിലിറക്കാൻ സാധിക്കുന്നുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി.യിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | കെ.എസ്.ആർ.ടി.സി.യിലെ ബസ് -ജീവനക്കാർ അനുപാതം ദേശീയ ശരാശരിയേക്കാളും കൂടുതലായതിനാൽ നിലവിൽ സ്ഥിര നിയമനങ്ങൾ നടത്തുന്നില്ല. |

സെക്ഷൻ ഓഫീസർ